ഉത്തരം

(എ) അർണ്ണോസ് പാതിരിയുടെ മേലൂരിലുള്ള വസതി ഗോഡൗൺ ആക്കിയെന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാമ്പത്തികമായ ബുദ്ധിമുട്ടുകളാൽ ഇപ്പോഴം ആലോചനയിലില്ല.

ടെലഫോൺ എക്സ്ചേഞ്ചുകളുടെ വികസനത്തിനാവശ്യമായ ഭൂമി

1244 [2224] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് ടെലഫോൺ എക്സ്ചേഞ്ചുകളുടെ വികസനം മുടങ്ങിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ സത്വര നടപടികളം സ്വീകരിക്കുന്നുണ്ട്.

വടക്കാഞ്ചേരി റെയിൽവേ ഓവർബ്രിഡ്ജ്

1245 [2225] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ഓവർബ്രിഡ്ജ് പണിയുന്നതിനുള്ള നടപടികളം എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) പണി നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അതിന് എത്രാമത്തെ മുൻഗണനയാണ് കൊടുത്തിരിക്കുന്നത്?

ഉത്തരം

(എ) റെയിൽവേയുടെ 1987–88 വാർഷിക വർക്സ് പ്രോഗ്രാം അനുസരിച്ച് കോസ റേറ് ഷെയറിംഗ് പദ്ധതി പ്രകാരം കേരളത്തിലെ ഏഴു ഓവർബ്രിഡ്ജുകളുടെ പണി ഏറ്റെടുക്കണമെന്ന് സംസ്ഥാന സർക്കാർ 1986 മേയ് 20–ാം തീയതി റെയിൽവേ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഓവർബ്രിഡ്ജുകളുടെ കൂട്ടത്തിൽ വടക്കാഞ്ചേരി ഓവർബ്രിഡ്ജും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഏഴു പാലങ്ങളുടേയും പ്ലാനും എസ്റ്റിമേറ്റും മറ്റും തയ്യാറാക്കി റെയിൽവേയുടെ തീരുമാനം അറിഞ്ഞതിനുശേഷം സംസ്ഥാന ബഡ്ജറ്റിൽ വേണ്ട തുക ഉൾപ്പെടുത്തിക്കഴിഞ്ഞാൽ മാത്രമേ പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കുകയുള്ളു.

(ബി) 1984–ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ച ഓവർബ്രിഡ്ജുകളുടെ മുൻഗണനാ പട്ടികയിൽ പ്രസ്തുത പാലം 21–ാമത്തേതാണ്. 1987–88-ലെ റെയിൽവേയുടെ വാർഷിക വർക്സ് പ്രോഗ്രാമനുസരിച്ച് നിർമ്മിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള ഏഴു പാലങ്ങളിൽ റോഡുകളും പാലങ്ങളും വിഭാഗത്തിൽപ്പെട്ട അഞ്ചു പാലങ്ങളിൽ 3–ാമത്തേതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly